# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മാർച്ച് 6, തിങ്കൾ

**നമ്പർ 49**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്ര ചിഹ്നമിടാത്ത ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 30-9-2016-ലെ നക്ഷത്ര ചിഹ്നമിടാത്ത 1189- ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ മേശപ്പുറത്തുവച്ചു.

ഗവർണ്ണറുടെ സന്ദേശം:

2017 മാർച്ച് 1-ന് സഭ അംഗീകരിച്ച ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തിന് ഗവർണ്ണർ നൽകിയ മറുപടി സ്പീക്കർ സഭയെ അറിയിച്ചു

അടിയന്തര പ്രമേയം :

ബജറ്റ് അവതരണത്തിനുമുൻപ് ബജറ്റ് പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ മാധ്യമങ്ങൾക്ക് ചോർന്നുകിട്ടിയതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റു രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, മുസ്ലീം ലീഗ് എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നടുത്തളത്തിലിറങ്ങി സഭാ നടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. കേരള കോൺഗ്രസ് (എം), ബി.ജെ.പി. എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽനിന്ന് ഇറങ്ങിപ്പോയി.

KNPP. 360/2017(i).

ശ്രദ്ധ ക്ഷണിക്കൽ:

(1) നിവേദിത പി.ഹരൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിയന്ത്രണങ്ങൾ മൂലം ഇടുക്കി ജില്ലയിലെ ജനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളിലേക്ക് ശ്രീ. എസ്. രാജേന്ദ്രൻ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

[ബജറ്റ് രേഖകൾ ചോർന്നതായി ആരോപിച്ചുകൊണ്ടുള്ള പ്രതിപക്ഷ അംഗങ്ങളുടെ ബഹളം കാരണം സഭാ നടപടികൾ തുടർന്നുകൊണ്ടുപോകുവാൻ സാദ്ധ്യമല്ലാതായ സാഹചര്യത്തിൽ രാവിലെ 10.31-ന് സ്പീക്കർ സഭ താൽക്കാലികമായി നിർത്തിവച്ചു.

രാവിലെ 11.05-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാ നടപടികൾ പുനരാരംഭിച്ചു.

ബജറ്റ് ചോർന്നതായ ആരോപണം സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഒരു പ്രസ്താവന നടത്തി. മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്, മുസ്ലീം ലീഗ് എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാ നടപടികളുമായി സഹകരിച്ചു. കേരള കോൺഗ്രസ് (എം) നേതാവ് തന്റെ കക്ഷി ബജറ്റിന്മേലുള്ള പൊതുചർച്ച ബഹിഷ്കരിക്കുന്നതായി അറിയിച്ചു.]

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് വലിയ വിമാനങ്ങളുടെ സർവ്വീസ് പുനഃരാരംഭിക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. ടി. ബൽറാം മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഡോ. എം. കെ. മുനീർ | കോഴിക്കോട് മിഠായി തെരുവിലെ തീപിടുത്തം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. കെ. അബ്ദു റബ്ബ് | ഫൈസലിന്റെ വിധവയ്ക്ക് ജോലിയും കുടുംബത്തിന് ധനസഹായവും നൽകുന്നതിനുള്ള നടപടി | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. കെ. സി. മമ്മത് കോയ | വികസനത്തിന് വേണ്ടി പൊളിച്ചു മാറ്റുന്ന കച്ചവട സ്ഥാപനങ്ങളിലെ വ്യാപാരികളുടെയും തൊഴിലാളികളുടെയും പുനരധിവാസം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീമതി പി. അയിഷാ പോറ്റി | ഏനാത്ത് പാലത്തിന്റെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. ബി. സത്യൻ | ചെർക്കാരം പാലത്തിന്റെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. വി. വിജയദാസ് | എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും ആസ്തി വികസന ഫണ്ടിന്റെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീമതി ഇ. എസ്. ബിജിമോൾ | ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കാരം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. അബ്ദുറഹിമാൻ | കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. ഹൈബി ഈഡൻ | ആഴക്കടൽ മണൽഖനനംമൂലം മത്സ്യസമ്പത്തിനെ ബാധിക്കുന്ന പ്രശ്നങ്ങൾ | വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ഡി. സതീശൻ | കരിങ്കൽ ഖനനത്തിന് അനുമതി നൽകുന്നതിനായി ഭൂപതിവ് ചട്ടത്തിൽ ഭേദഗതി ചെയ്യാനുള്ള നീക്കം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തുവച്ച കടലാസ് :

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ റവന്യൂ വിഭാഗത്തിന്മേലുള്ള റിപ്പോർട്ട് മേശപ്പുറത്തുവച്ചു

ഗവൺമെന്റ് പ്രമേയം:

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ മധ്യപ്രദേശിലെ ഒരു ആർ.എസ്.എസ്. നേതാവ് നടത്തിയ വധഭീഷണിയെ അപലപിച്ചുകൊണ്ട് ചട്ടം 118 അനുസരിച്ചുള്ള താഴെപ്പറയുന്ന പ്രമേയം പട്ടികജാതി പട്ടികവർഗ്ഗവും പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ എ. കെ. ബാലൻ അവതരിപ്പിച്ചു.

"മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ മധ്യപ്രദേശിലെ ഒരു സംഘപരിവാർ-ആർ.എസ്.എസ്. നേതാവ് നടത്തിയ വധഭീഷണിയെ ഈ സഭ അപലപിക്കുന്നു. തലകൊയ്യാൻ ഒരു കോടി രൂപ പ്രതിഫലം നൽകും എന്ന മനുഷ്യത്വവിരുദ്ധമായ പ്രസ്താവനയുമായി അവിടത്തെ ഭരണാധികാരികളിൽ ചിലരുടെ തന്നെ സാന്നിധ്യത്തിൽ ഭീഷണി മുഴക്കിയ ആൾക്കെതിരെ പ്രസക്തമായ നിയമവകുപ്പുകൾ ഉപയോഗിച്ച് കേസ്സെടുക്കണമെന്ന് മധ്യപ്രദേശ് സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുകയും ചെയ്യുന്നു.

അരനൂറ്റാണ്ടിലേറെയായി രാഷ്ട്രീയ നേതാവ്, നിയമസഭാംഗം, മന്ത്രി എന്നീ നിലകളിൽ വ്യത്യസ്ത ഘട്ടങ്ങളിൽ നമ്മുടെ പൊതുമണ്ഡലത്തിൽ പ്രവർത്തിച്ചുപോരുന്ന കേരളത്തിന്റെ മുഖ്യമന്ത്രി കൂടിയായ ശ്രീ. പിണറായി വിജയനെതിരായ വധഭീഷണിയിൽ കേരള ജനതയ്ക്കുള്ള ഉൽക്കണ്ഠയിലും ആശങ്കയിലും ഈ സഭ പങ്കുചേരുന്നു.

സമാധാനപരവും മതനിരപേക്ഷവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങൾ അസാധ്യമാക്കുന്നതും ആശയങ്ങളെ, ആശയങ്ങൾ കൊണ്ടല്ലാതെ, അതുയർത്തുന്ന വ്യക്തികളെ ആയുധം കൊണ്ട് നേരിടുന്നതുമായ വിപൽക്കരമായ സംസ്കാരത്തെ ഒറ്റക്കെട്ടായി ജനങ്ങൾ ചെറുത്തു തോൽപ്പിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുകയും ചെയ്യുന്നു."

പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവർ പ്രമേയത്തെ അനുകൂലിച്ച് സംസാരിച്ചു.

പ്രമേയം സഭ ഐകകണ്ഠേന പാസ്സാക്കി.

<u>സ്പീക്കറുടെ റൂളിംഗ് :</u>

2016-ലെ ഭേദഗതിയിലൂടെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ടിൽ വ്യവസ്ഥ ചെയ്യപ്പെട്ട ബജറ്റിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ അടുത്ത വർഷം മുതൽ സമർപ്പിക്കേണ്ടതാണെന്ന് ഇത് സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നത്തിന് സ്പീക്കർ റൂളിംഗ് നൽകി.

<u>ധനകാര്യം:</u>

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശി ചർച്ച തുടങ്ങി വച്ചുകൊണ്ട് സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. ഡി. സതീശൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. മമ്മൂട്ടി

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. സി. കെ. നാണു

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എം. മുകേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ. സുരേഷ് കുറുപ്പ്

ചർച്ച പൂർത്തിയായില്ല.

<u>സ്പീക്കറുടെ അറിയിപ്പ്:</u>

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള പ്രഭാഷണ പരമ്പരയുടെ ഉത്ഘാടനവും ആദ്യ പ്രഭാഷണവും ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് അന്നേദിവസം സഭ പിരിഞ്ഞതിനുശേഷം ശ്രീ. സീതാറാം യെച്ചൂരി നിർവ്വഹിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചു

2017 മാർച്ച് 7 ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 3.22-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fourth Session**

# BULLETIN—PART I

(Brief Record of Proceedings)

*Monday, March 6, 2017*

**No 49**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Correction of answer to Unstarred Question:*

Statement correcting answer and the corrected answer to Unstarred question No. 1189 dated 30-9-2016 of the Second Session of the Fourteenth Kerala Legislative Assembly was laid on the table by the Minister for Transport Shri A. K. Saseendran.

*Message from the Governor:*

The Speaker reported to the Assembly the Governor's reply to the Motion of Thanks on Governor's Address, which was adopted by the house on 1st March 2017.

*Adjournment Motion:*

After hearing the Minister for Finance and Coir the Speaker withheld consent to the moving of an adjournment motion given notice of by Shri V. D. Satheesan and two other Members regarding the serious situation that had arisen consequent on the reported leakage of excerpts of Budget Speech to media before its presentation.

In protest against the attitude of the Government in the matter, the Members belonging to Indian National Congress and Muslim League moved into the well of the House and tried to continue disrupting the proceedings of the House. Members belonging to Kerala Congress (M) and BJP staged walkout.

KNPP. 360/2017(ii).

*Calling Attention:*

(1) Shri S. Rajendran called the attention of the Minister for Revenue and Housing to the difficulties reportedly being faced by people in Idukki district due to the restrictions imposed based on the Niveditha. P. Haran Report. The Minister made a statement thereto.

[As it was difficult to carry on with the proceedings of the House, the Speaker temporarily adjourned the House at 10.31 a.m. The House re-assembled at 11.05 a.m with Mr. Speaker in the Chair. Shri Pinarayi Vijayan, the Chief Minister made a statement regarding the alleged leakage of budget documents. Based on the statement made by the Chief Minister the Indian National Congress and Muslim League Members participated in the rest of the business. Kerala Congress (M) leader informed that his party would boycott the general discussion on budget.]

(2) Shri V. T. Balram called the attention of the Chief Minister to the necessity to exert pressure on the Airport Authority of India to take steps to restart the service of wide body aircrafts from the Calicut International Airport. The Chief Minister made a statement thereto.

*The matters raised by Members Under Rule 304:*

The matters raised by Members in the House Under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഡോ. എം. കെ. മുനീർ | കോഴിക്കോട് മിഠായി തെരുവിലെ തീപിടുത്തം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. കെ. അബ്ദു റബ്ബ് | ഫൈസലിന്റെ വിധവയ്ക്ക് ജോലിയും കുടുംബത്തിന് ധനസഹായവും നൽകുന്നതിനുള്ള നടപടി | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. കെ. സി. മമ്മത് കോയ | വികസനത്തിന് വേണ്ടി പൊളിച്ചു മാറ്റുന്ന കച്ചവട സ്ഥാപനങ്ങളിലെ വ്യാപാരികളുടെയും തൊഴിലാളി കളുടെയും പുനരധിവാസം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീമതി പി. അയിഷാ പോറ്റി | ഏനാത്ത് പാലത്തിന്റെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. ബി. സത്യൻ | ചെർക്കാരം പാലത്തിന്റെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. വി. വിജയദാസ് | എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും ആസ്തി വികസന ഫണ്ടിന്റെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീമതി ഇ. എസ്. ബിജിമോൾ | ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കാരം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. അബ്ദുറഹിമാൻ | കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. ഹൈബി ഈഡൻ | ആഴക്കടൽ മണൽഖനനംമൂലം മത്സ്യസമ്പത്തിനെ ബാധിക്കുന്ന പ്രശ്നങ്ങൾ | വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ഡി. സതീശൻ | കരിങ്കൽ ഖനനത്തിന് അനുമതി നൽകുന്നതിനായി ഭൂപതിവ് ചട്ടത്തിൽ ഭേദഗതി ചെയ്യാനുള്ള നീക്കം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table:*

The Report of the Comptroller and Auditor General of India on Revenue Sector for the year ended March 2016 was laid.

*Government Resolution:*

Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Law, Culture and Parliamentary Affairs moved the following resolution under Rule 118 regarding the threat on the life of Chief Minister Shri Pinarayi Vijayan by an RSS leader in Madhya Pradesh.

"മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ മധ്യപ്രദേശിലെ ഒരു സംഘപരിവാർ-ആർ.എസ്.എസ്. നേതാവ് നടത്തിയ വധഭീഷണിയെ ഈ സഭ അപലപിക്കുന്നു. തലകൊയ്യാൻ ഒരു കോടി രൂപ പ്രതിഫലം നൽകും എന്ന മനുഷ്യത്വവിരുദ്ധമായ പ്രസ്താവനയുമായി അവിടെത്തെ ഭരണാധികാരികളിൽ ചിലരുടെ തന്നെ സാന്നിധ്യത്തിൽ ഭീഷണി മുഴക്കിയ ആൾക്കെതിരെ പ്രസക്തമായ നിയമവകുപ്പുകൾ ഉപയോഗിച്ച് കേസെടുക്കണമെന്ന് മധ്യപ്രദേശ് സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുകയും ചെയ്യുന്നു.

അരനൂറ്റാണ്ടിലേറെയായി രാഷ്ട്രീയ നേതാവ്, നിയമസഭാംഗം, മന്ത്രി എന്നീ നിലകളിൽ വ്യത്യസ്ത ഘട്ടങ്ങളിൽ നമ്മുടെ പൊതുമണ്ഡലത്തിൽ പ്രവർത്തിച്ചുപോരുന്ന കേരളത്തിന്റെ മുഖ്യമന്ത്രി കൂടിയായ ശ്രീ. പിണറായി വിജയനെതിരായ വധഭീഷണിയിൽ കേരള ജനതയ്ക്കുള്ള ഉൽക്കണ്ഠയിലും ആശങ്കയിലും ഈ സഭ പങ്കുചേരുന്നു.

സമാധാനപരവും മതനിരപേക്ഷവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങൾ അസാധ്യമാക്കുന്നതും ആശയങ്ങളെ, ആശയങ്ങൾ കൊണ്ടല്ലാതെ, അതുയർത്തുന്ന വ്യക്തികളെ ആയുധം കൊണ്ട് നേരിടുന്നതുമായ വിപൽക്കരമായ സംസ്കാരത്തെ ഒറ്റക്കെട്ടായി ജനങ്ങൾ ചെറുത്തു തോൽപ്പിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുകയും ചെയ്യുന്നു."

The Leader of Opposition Shri Ramesh Chennithala, the Minister for Public Works and Registration Shri G. Sudhakaran and Shri P. K. Kunhalikutty spoke in support of the resolution. The resolution was unanimously adopted by the House.

*Ruling by the Speaker:*

On a Point of order raised by Shri M. Ummer, the Speaker gave a ruling that the documents, stipulated to be presented along with Budget as per provisions incorporated in the Kerala Infrastructure Investment Fund Act by an amendment in 2016, should be presented from next year onwards.

*Financial Business:*

The General discussion on the Budget for the Financial Year 2017-18 commenced. Deputy Speaker, Shri V. Sasi initiated the discussion. The following Members also took part in the discussion:

Shri V. D. Satheesan

Shri T. V. Rajesh

Shri C. Mammutty

Shri Chittayam Gopakumar

Shri C. K. Nanu

Shri V. P. Sajeendran

Shri M. Rajagopalan

Shri N. A. Nellikkunnu

Shri R. Ramachandran

Shri P. C. George

Shri D. K. Murali

Shri T. V. Ibrahim

Shri M. Mukesh

Shri Shafi Parambil

Shri K. Suresh Kurup

The discussion was inconclusive.

*Announcement by Speaker:*

The Speaker informed the House that the inauguration of the lecture series in connection with the Diamond Jubilee Celebration of Kerala Legislative Assembly and the maiden lecture in the series would be held in the Sankaranarayanan Thampi Members' Lounge by Shri Sitaram Yechuri after sitting the conclusion of the days' sitting.

The House adjourned at 3.22 p.m. to meet again at 8.30 a.m. on Wednesday, March 7, 2017.

V. K. BABU PRAKASH,
*Secretary.*